## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1584 — 07.06.2018 ൽ മറുപടിക്ക്

### കശുവണ്ടി വ്യവസായം

**ചോദ്യം** — ശ്രീ.പാറക്കൽ അബ്ദുല്ല

**ഉത്തരം** — ശ്രീമതി.ജെ.മെഴ്സിക്കുട്ടിയമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായ മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കശുവണ്ടി വ്യവസായ മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾ തോട്ടണ്ടിയുടെ ലഭ്യതക്കുറവ്, തോട്ടണ്ടിയുടെ വില വർദ്ധന, കശുവണ്ടിപ്പരിപ്പിന്റെ വിലക്കുറവ്, ഇറക്കുമതി ചുങ്കം, മറ്റ് രാജ്യങ്ങളിൽ നിന്ന് നേരിടുന്ന കടുത്ത മത്സരം എന്നിവയാണ്. |
| (ബി) | ഇവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളെന്തെല്ലാം എന്ന് വെളിപ്പെടുത്താമോ; | (ബി) | ഇടനിലക്കാരെ ഒഴിവാക്കി വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്ത് തോട്ടണ്ടി ക്ഷാമം ഒരു പരിധി പരിഹരിക്കുന്നതിന് കേരള കാഷ്യൂ ബോർഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. കശുവണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനുമായി സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ ആഭ്യന്തരമായി ലഭ്യമായ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചുവരുന്നു. |
| (സി) | ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും ടെണ്ടറില്ലാതെ തോട്ടണ്ടി വാങ്ങുന്നതിനുള്ള തീരുമാനം അഴിമതിക്കും കശുവണ്ടി മേഖലയിലെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നതിനും കാരണമാകുമോ ; | (സി) & (ഡി) | ടെന്റർ ഇല്ലാതെ തോട്ടണ്ടി വാങ്ങാൻ തീരുമാനിച്ചിട്ടില്ല |
| (ഡി) | ഇത് സുതാര്യമായും അഴിമതി രഹിതമായും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ